**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1419** **01-02-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ ഉച്ചഭക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പ്രകാരം ഭക്ഷണം നൽകിയ ഇനത്തിൽ പൊതു വിദ്യാലയങ്ങളിലെ പ്രഥമ അധ്യാപകർക്ക് എത്ര രൂപ കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ; ഏത് കാലയളവിലെ തുകയാണ് കുടിശ്ശിക ആയിട്ടുള്ളത്; | (എ) | നടപ്പ് സാമ്പത്തിക വർഷം സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി 2023 ഒക്ടോബർ മാസം വരെയുള്ള പാചകചെലവിനത്തിലെ തുക സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ 2023 നവംബർ മാസത്തേയ്ക്ക് 36.56 കോടി രൂപയും 2023 ഡിസംബർ മാസത്തേയ്ക്ക് 29.26 കോടി രൂപയും ചേർത്ത് ആകെ 65.82 കോടി രൂപ സ്കൂളുകൾക്ക് കുടിശ്ശികയിനത്തിൽ വിതരണം ചെയ്യേണ്ടതുണ്ട്. |
| (ബി) | കേന്ദ്ര പദ്ധതി പ്രകാരം എന്തൊക്കെ ഭക്ഷണ ഇനങ്ങളാണ് ഉൾപ്പെടുത്തേണ്ടത്; ഇതിനുപുറമേ ആഴ്ചയിൽ ഒരു ദിവസം പാൽ, മുട്ട അല്ലെങ്കിൽ പഴം എന്നീ ഇനങ്ങൾ കൂടി നൽകാൻ സംസ്ഥാന സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി പ്രത്യേകം തുക കൂട്ടുതലായി അനുവദിച്ചു നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ തുക ഏത് രീതിയിൽ കണ്ടെത്താനാണ് സർക്കാർ നിർദ്ദേശം നൽകിയത് വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉച്ചഭക്ഷണ പദ്ധതിയുടെ ഭക്ഷണ-ന്യൂട്രിഷൻ മാനദണ്ഡങ്ങൾ പ്രകാരം പാകംചെയ്ത ഭക്ഷ്യ ധാന്യങ്ങൾക്കൊപ്പം പച്ചക്കറി(ഇലവർഗ്ഗങ്ങൾ ഉൾപ്പെടെ), പയറുവർഗ്ഗങ്ങൾ, ഭക്ഷ്യ എണ്ണ, പലവ്യഞ്ജനം, ഉപ്പ് എന്നിവ ഉപയോഗിച്ച് പാകം ചെയ്ത കറികളാണ് നൽകേണ്ടത്. ഓരോ ദിവസത്തെയും മെനു തീരുമാനിക്കുന്നതിനുള്ള അധികാരം അതത് സംസ്ഥാനങ്ങൾക്കാണ്. കേരളത്തിൽ ഇത് വികേന്ദ്രീകൃതമായ രീതിയിലാണ് നടപ്പിലാക്കിയിരിക്കുന്നത്. സംസ്ഥാനത്ത് സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റികളാണ് മെനു നിശ്ചയിക്കുന്നത്. നിലവിൽ രണ്ടു കറികളോടുകൂടിയാണ് കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകി വരുന്നത്.<br><br>ഉച്ചഭക്ഷണത്തിനു പുറമേ സംസ്ഥാന സർക്കാർ നിർദ്ദേശപ്രകാരം സപ്ലിമെന്ററി ന്യൂട്രിഷൻ പദ്ധതിയുടെ ഭാഗമായി ആഴ്ചയിൽ ഒരു ദിവസം മുട്ടയും രണ്ട് ദിവസം പാലും(150 മി.ലി തിളപ്പിച്ചാറ്റിയ പാൽ) കുട്ടികൾക്ക് നൽകി വരുന്നു. ഇതിനായി പ്രത്യേകം തുക സർക്കാർ അനുവദിക്കുന്നില്ല. നിലവിൽ പദ്ധതി നടത്തിപ്പിനായി അനുവദിക്കുന്ന തുകയിൽ നിന്നുമാണ് ഇതിനാവശ്യമായ തുക വിനിയോഗിച്ചുവരുന്നത്. |
| (സി) | ഒരു കുട്ടിക്ക് ഒരു ദിവസം എത്ര രൂപയാണ് | (സി) | ചുവടെ പരാമർശിക്കുന്ന മൂന്ന് വ്യത്യസ്ത |

| | | | |
|---|---|---|---|
| | ഉച്ചഭക്ഷണത്തിനായി നിലവിൽ അനുവദിക്കുന്നത്; പ്രസ്തുത തുക വളരെ പരിമിതമാണെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | | സ്ലാബുകളിലായാണ് തുക അനുവദിക്കുന്നത്.<br><br>സ്ളാബ് 1 - 150 കുട്ടികൾ വരെ - കുട്ടിയൊന്നിന് പ്രതിദിനം 8 രൂപ<br><br>സ്ളാബ് II - 151 മുതൽ 500 കുട്ടികൾ വരെ - കുട്ടിയൊന്നിന് പ്രതിദിനം 7 രൂപ<br><br>സ്ളാബ് III - 500 ന് മുകളിൽ - കുട്ടിയൊന്നിന് പ്രതിദിനം 6 രൂപ<br><br>ഉച്ചഭക്ഷണ പദ്ധതിയുടെ ഫുഡ് ബാസ്കറ്റിൽ ഉൾപ്പെടുന്ന ചില ഭക്ഷ്യവസ്തുക്കളുടെ വിലയിൽ വന്നിട്ടുള്ള വർദ്ധനവ് കണക്കിലെടുത്ത് നിലവിൽ അനുവദിക്കുന്ന തുക പരിഷ്കരിക്കണമെന്ന് അദ്ധ്യാപക സംഘടനകളും നിരവധി സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റികളും ആവശ്യപ്പെട്ടിട്ടുണ്ട്. വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പദ്ധതി നടത്തിപ്പിന് സ്കൂളുകൾക്ക് അനുവദിക്കുന്ന തുക (മെറ്റീരിയൽ കോസ്റ്റ്) പരിഷ്കരിക്കുവാനും അതോടൊപ്പം പാൽ, മുട്ട/നേന്ത്രപ്പഴം എന്നിവ നൽകുന്ന സപ്ലിമെന്ററി ന്യൂട്രീഷൻ പരിപാടിയ്ക്ക് പ്രത്യേക ഫണ്ട് അനുവദിക്കുവാനും ശുപാർശ ചെയ്തുകൊണ്ടുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ